**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3906** — **15.03.2017 ൽ മറുപടിയ്ക്ക്**

## യുവജനങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ് | ശ്രീ.എ.സി. മൊയ്തീൻ (ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി യുവജനക്ഷേമ ബോർഡ് ആവിഷ്കരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:-<br>i. ബോർഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.<br>ii. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ യൂത്ത് ക്ലബ്ബുകളെ ഗ്രേഡ് ചെയ്യുകയും പുതിയ യൂത്ത് ക്ലബ്ബുകൾ ബോർഡിൽ അഫിലിയേറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.<br>iii. കേരളോത്സവം പോലുള്ള ബോർഡിന്റെ പ്രധാന പരിപാടികളിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.<br>iv. യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമ പ്രദേശങ്ങളിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകുക.<br>v. മാലിന്യ വിമുക്ത കേരളം എന്ന ആശയത്തിൽ അധിഷ്ഠിതമായി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>vi. ഹരിത കേരളത്തിന് മുൻതൂക്കം നൽകി |

| | |
|---|---|
| | കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും യൂത്ത് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.<br>vii. യുവാക്കളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽ ദായകരാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കുക.<br>കൂടാതെ യുവജനങ്ങൾക്ക് തൊഴിലവസരം സംബന്ധിച്ച സമഗ്ര വിവരം നൽകുന്നതിനും തൊഴിലന്വേഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും യുവജനങ്ങളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനായി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും തൊഴിലിനു വേണ്ട മികവും കഴിവും നേടുന്നതിനായി യുവജനങ്ങളെ ശാക്തീകരിക്കുന്നതിനുമായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ "ജോബ് പോർട്ടൽ" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**